**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3503** — **11-12-2018-ൽ മറുപടിക്ക്**

## കാർഷിക വായ്പകൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം

**ചോദ്യം**

**ശ്രീ.ടി.വി. ഇബ്രാഹിം.**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാർഷിക വായ്പകൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയത്തിനു ഏത് തീയതി വരെയാണ് പ്രാബല്യം;ഏത് തരത്തിലുള്ള വായ്പകളാണ് മൊറട്ടോറിയത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നത്; വിശദമാക്കാമോ; | (എ) | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക, വിദ്യാഭ്യാസ വായ്പകളുൾപ്പെടെയുള്ള എല്ലാത്തരം വായ്പകളുടെയും പേരിലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷക്കാലത്തേയ്ക്കാണ് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്.<br>2018 ഓഗസ്റ്റ് 20 നു കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ്/ വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbckerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. |
| (ബി) | മൊറട്ടോറിയം നിലനിൽക്കെ വായ്പ തിരിച്ചടവ് മുടങ്ങിയാൽ അനന്തര നടപടിയുമായി ബാങ്ക് അധികൃതർ മുന്നോട്ട് പോവുകയാണെങ്കിൽ വായ്പയെടുത്ത കർഷകന് മൊറട്ടോറിയത്തിന്റെ ആനുകൂല്യം ലഭിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത്;അറിയിക്കാമോ; | (ബി) | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൊറട്ടോറിയം കാലയളവിൽ ബാങ്കിന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയില്ല.<br>മൊറട്ടോറിയം അനുവദിച്ചിട്ടുള്ള വായ്പകൾക്കു മൊറട്ടോറിയം കാലയളവിൽ ബാങ്കുകൾ തിരിച്ചടവ് ആവശ്യപ്പെടുന്നില്ലായെന്ന് എസ്.എൽ.ബി.സി കൺവീനർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ സർക്കാർ ഉത്തരവ് നിലനിൽക്കെ അതിനെതിരെ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (സി) | സർക്കാർ ഉത്തരവ് നിലനിൽക്കെ അതിനെതിരെ പ്രവർത്തിക്കുന്ന സഹകരണ ബാങ്ക്/സഹകരണ സ്ഥാപനങ്ങൾക്കെതിരെ സഹകരണ നിയമപ്രകാരമുള്ള നടപടികൾ സഹകരണ വകുപ്പാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ